സംസ്ഥാനത്തെ അമിതകൂലി നിർത്തലാക്കാൻ കർമ്മ പദ്ധതി

230 (931) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിതകൂലി നിർത്തലാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) തൊഴിൽ മേഖലയിൽ ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട് അമിതകൂലി നിർത്തലാക്കാൻ ഏകീകൃത ചുമടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിക്കുകയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനമൊട്ടാകെയുള്ള അമിതകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ തടയുന്നതിനും ഇത് ഉപകരിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഏകീകൃത കയറ്റിറക്കുകൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി മനസ്സിലാക്കി, എസ്.ബി.റ്റി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അമിതവേതനവുമായി ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 18004255214/155214 എന്നി ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനുഭാവപൂർവ്വം ഇടപെടുകയും തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ്

231 (932) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; ഈ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥ പ്രകാരം ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാർ എത്ര;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; നിലവിലെ സ്ഥിതിയെന്താണ് വ്യക്തമാക്കാമോ;

(സി) അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് ഓപ്ഷൻ നൽകിയ യു.ഡി.സി.-മാർ സർവ്വീസിൽ ജൂനിയറായ സൂപ്പർവൈസർമാരുടെ കീഴിൽ ജോലി നോക്കേണ്ട സാഹചര്യം ഒഴിവാക്കാൻ എന്ത് തീരുമാനം കൈകൊള്ളുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 1991-ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ലേബർ ടെസ്റ്റ് പാസ്സായിട്ടുള്ള ഡിഗ്രിയർ ക്ലാർക്കുമാരിൽനിന്നും സീനിയോറിറ്റി ക്രമത്തിൽ സമാനക്കയറ്റം മുഖേനയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും യഥാക്രമം 3:1 എന്ന അനുപാതത്തിൽ നിയമനം നടത്തിവരുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് മാത്രമാണ് അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നുള്ള ബി.എ, ബി.എസ്.സി, ബി.കോം. ബിരുദത്തോടൊപ്പം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഇൻഡസ്ട്രിയൽ ലാ ബിരുദമോ, തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly